FILM & PHOTOGRAPHY CLUB
MES College, Marampally

# 2020-2021

## *Expert Talk Series:* **IGNITED MINDS**

Department of Animation & Graphic Design and Film & Photography Club MES College, Marampally organised an Expert talk '**IGNITED MINDS**' for the final year students by **Mr. Siva Kumar Raghav** (Ad Film Director) on 5th February 2021. Program was conducted offline at Main Block Conference Hall. Dr Ajims P Mohammad, Principal felicitated the session. The coordinator of the Webinar was Ms. Lithiya Dominic, Assistant Professor, Animation & Graphic Design.

This seminar mainly concentrated on Commercial Advertisements. This helped students to understand the different types of Ads and this talk made our students to know more about the areas of Advertisement field.



## International Animation Day Celebration: 28 Oct 2020

October 28, the International Animation Day was an International observance proclaimed in 2002 by the ASIFA as the main global event to celebrate the art of Animation. This year, our department decided to celebrate this day by releasing a 2D Animation video on 'Road Safety' – directed and animated by our final year student Akhil V Shaji as his Internship project under department supervision. The main poster for this celebration was designed by our second year student Avanish Prakash.

All our students have participated in this celebration by posting their own art works, animation day posters and related drawings in our Facebook page.




## Webinar on 'Introduction to Photography'

Department of Animation & Graphic Design, in association with IIC and Film & Photography Club, MES College Marampally organized a webinar on '**Introduction to Photography'** for the students of BVoc Animation & Graphic Design on 30th October

2020. The Resource person was **Mr. Arun Sivan** (Cinematographer & Academician). Webinar coordinator Ms. Silpa Anil welcomed the gathering. Dr Ajims P Mohammad, Principal felicitated the session. It was a very interactive and interesting session. Students were explained about the techniques in photography and attained many ideas to upgrade their photographic skills. Around 60 students attended the webinar.




## Prapika Film Fest Report

Department of Animation & Graphic Design and Film & Photography Club, MES College, Marampally in Association with Kodungallur Film Society, organised a film festival on 9th and 10th March 2021. Four Animation Movies where played on both days (White Snake, Another Day of Life, Your Name, Spider man).




The Programme was coordinated by Ms. Silpa Anil. Film festival was inaugurated by College Managing Committee Secretary. Mr. M A Muhammad. College Principal, Dr Ajims P Mohammad, addressed the session. Film festival was conducted in our college seminar hall named **Gene Deitch** in memory of Gene Deitch American illustrator, animator, comics artist and film director.  Theatre was arranged for students and teachers each day, along with the time schedule of movies. Total 700 audience were participated.

## Loving Vincent (2017) - English (1h 35m)



വരച്ച ചിത്രങ്ങളെക്കാൾ പ്രണയിനിക്ക് മുറിച്ചു കൊടുത്ത ചെവിയാവണം വിൻസെന്റ് വാൻ ഗോഗിനെ പലരും ഓർക്കാൻ കാരണം. ജീവിതകാലത്ത് വെറും ഒരൊറ്റ ചിത്രം മാത്രം, അതും തുച്ഛമായ വിലയ്ക്ക് വിൽക്കാനായ, പരാജിതനായി സ്വയം ജീവനെടുത്ത ചിത്രകാരനെ അധികമൊന്നും ആളുകൾ അറിയുന്നുണ്ടാവില്ല.

ഹോളണ്ടിലെ പ്രശസ്തമായ വാൻ ഗോഗ് കുടുംബത്തിൽ ജനിച്ച വിൻസെന്റ്, ജനനം മുതൽ കുടുബത്തിന്റെ പ്രതീക്ഷകൾക്കൊത്ത് ജീവിക്കാൻ പാട് പെട്ടു. ഒടുവിൽ അനിയൻ തിയോയുടെ പിന്തുണയോടെ ഇരുപത്തേഴ് വയസ്സുള്ളപ്പോൾ വിൻസെന്റ് ചിത്രകാരനായി. ചിത്രം വരയിൽ മുഴുകി മറ്റെല്ലാം മറന്ന വിൻസെന്റ് മറ്റുള്ളവർക്ക് "ചുവന്ന മുടിയുള്ള ഭ്രാന്തൻ" ആയിരുന്നു.ഒടുവിൽ ഒരു ഞായറാഴ്ച, ചിത്രം വരയ്ക്കാനായി ക്യാൻവാസും ബ്രഷുകളുമായി പോയ വിൻസെന്റ് തിരികെ വന്നത് വയറ്റിൽ ഒരു ബുള്ളറ്റുമായിട്ടാണ്.

മരിക്കുന്നതിന് മുൻപ് വിൻസെന്റ് അനിയൻ തിയോ വാൻ ഗോഗിന് എഴുതിയ കത്ത് അഡ്രസ്സിൽ ആളില്ലാത്തതിനാൽ അയച്ച ഇടത്തേയ്ക്ക് മടങ്ങി. പോസ്റ്റ്മാൻ റൂളിൻ, മകനായ അർമാൻഡിനെ തിയോയെ കണ്ടെത്തി കത്ത് ഏൽപ്പിക്കാൻ അയക്കുന്നു.
വിൻസെന്റിന്റെ വിചിത്രമായ ജീവിതവും, കാരണമറിയാത്ത ആത്മഹത്യയും പലരും പറഞ്ഞ പല കഥകളിലൂടെ അറിഞ്ഞ അർമാൻഡ്, ചിത്രകാരനെക്കുറിച്ച് കൂടുതൽ അറിയാൻ ശ്രമിക്കുന്നു.
വിൻസെന്റ്, അനിയൻ തിയോയ്ക്ക് അയച്ച നീണ്ട, മനോഹരമായ കത്തുകൾ അവസാനിക്കുക ഇങ്ങനെയായിരുന്നു:
"Your Loving Vincent".
ആ കത്തുകളിലൂടെയാണ് വിൻസെന്റിന്റെ ജീവിതം ലോകം അറിയുന്നത്.

ആ ജീവിതവും വിൻസെന്റിന്റെ മരണവും അർമാൻഡ് റൂളിന്റെ അന്വേഷണത്തിലൂടെ നമ്മൾ കാണുകയാണ് ഈ സിനിമയിൽ. വിസ്മയിപ്പിച്ച ചിത്രകാരന്റെ വിഷാദവും നിറം ചേർത്ത ജീവിതവും, വിചിത്രമായ മരണവും അതിമനോഹരങ്ങളായ ചിത്രങ്ങളായി ഇവിടെ കാണാം. വിൻസെന്റ് വാൻ ഗോഗിന്റെ തനതായ ശൈലിയിൽ ഒരു കൂട്ടം ചിത്രകാരന്മാർ ചേർന്ന് പെയിന്റ് ചെയ്ത 65,000 ഓയിൽ പെയിന്റിംഗ് ചിത്രങ്ങൾ ചേർത്താണ് ഈ അനിമേറ്റഡ് ഫീച്ചർ നിർമിച്ചത്. ഇതിൽ വിൻസെന്റ് പെയിന്റ് ചെയ്ത 120 ചിത്രങ്ങൾ വരുന്നുണ്ട്.

2017 ലെ ആനെസി ഇന്റർനാഷണൽ ആനിമേറ്റഡ് ഫിലിം ഫെസ്റ്റിവലിൽ ചിത്രം പ്രദർശിപ്പിച്ചു. ബെർലിനിൽ നടന്ന മുപ്പതാമത് യൂറോപ്യൻ ഫിലിം അവാർഡിൽ മികച്ച ആനിമേറ്റഡ് ഫീച്ചർ ഫിലിം അവാർഡ് നേടിയ ഇത് 90ാമത് അക്കാദമി അവാർഡുകളിൽ മികച്ച ആനിമേറ്റഡ് ഫീച്ചറിനായി തിരഞ്ഞെടുക്കപ്പെട്ടു.

## Your Name (2016) - English (1h 52m)



ഒരു ദിവസം രാവിലെ ഉറക്കമെഴുന്നേൽക്കുന്ന റ്റാക്കിയും മിറ്റ്സുഹയും തിരിച്ചറിയുന്നു, ഇതവരുടെ ശരീരമല്ല എന്ന്. ഈ പ്രതിഭാസം ഇടയ്ക്കിടെ ആവർത്തിക്കുന്നു. റ്റാക്കി ആൺകുട്ടിയും മിറ്റ്സുഹ പെൺകുട്ടിയുമാണ്. അതുകൊണ്ടു തന്നെ ഈ ശരീരം മാറൽ പല തലത്തിൽ അവരിൽ ഞെട്ടൽ ഉളവാക്കുന്നുണ്ട്. പ്രധാനപ്പെട്ട കാര്യം ഇരുവർക്കും പരസ്പരം അറിയുക പോലുമില്ല എന്നതാണ്. റ്റാക്കി ടോക്കിയോനഗരത്തിലും മിറ്റ്സുഹ ജപ്പാന്റെ ഉൾനാടൻ ഗ്രാമമായ ഇറ്റോമൊരിയിലുമാണ് താമസിക്കുന്നത്.

ഇരുവർക്കും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്ന ഈ ശരീരം മാറൽ പ്രതിഭാസത്തെ നേരിടാൻ അവർ ക്രമേണ ചില തീരുമാനങ്ങളിൽ എത്തിച്ചേരുന്നു. പക്ഷേ അപ്രതീക്ഷിതമായചില കാര്യങ്ങൾ ഇരുവരുടെയും ജീവിതത്തിൽ സംഭവിക്കുന്നു...

49ാമത്തെ സിറ്റ്ജസ് ഫിലിം ഫെസ്റ്റിവൽ, 2016 ലോസ് ഏഞ്ചൽസ് ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ അവാർഡുകൾ, 71ാമത് മൈനിചി ഫിലിം അവാർഡുകൾ എന്നിവയിൽ മികച്ച ആനിമേറ്റഡ് ചിത്രത്തിനുള്ള പുരസ്കാരം ഈ ചിത്രത്തിന് ലഭിച്ചു. മികച്ച ആനിമേഷൻ, സങ്കീർണ്ണമായ ആഖ്യാനം, പശ്ചാത്തല സംഗീതം, വൈകാരിക ഉള്ളടക്കം എന്നിവയ്ക്ക് അനേകം നിരൂപക പ്രശംസ നേടിയ ചിത്രമാണ് യുവർ നെയിം

Paprika

| 09.03.2021 | | |
|---|---|---|
| 9.30 AM - 10.00 AM | : | INAGURATION |
| 10.00 AM -11.40 AM | : | WHITE SNAKE |
| 12.00 AM -1.30 PM | : | ANOTHER DAY OF LIFE |
| BREAK TIME | | |

| 10.03.2021 | | |
|---|---|---|
| 9.30 AM - 11.05 AM | : | I LOVING VINCENT |
| 11.15 AM - 1.10 AM | : | YOUR NAME |
| BREAK TIME | | |

## White Snake - Chinese, English (1h 39m)



പുരാതന ചൈനീസ് ഐതിഹ്യമായ 'ശ്വേതനാഗം' (The Legend of White Snake) എന്ന നാടോടിക്കഥയാണ് സിനിമയുടെ കഥാ പശ്ചാത്തലം. അമാനുഷിക കഴിവുകളുള്ള ഒരു പെൺ നാഗവും യുവാവായ ഒരു പാമ്പു വേട്ടക്കാരനും തമ്മിലുള്ള നിരുപാധികമായ ഹൃദയബന്ധത്തിന്റെ കഥയാണ് സിനിമ പറയുന്നത്.

ഒരു ദിവസം ബ്ലാൻക എന്ന യുവതിയെ അടുത്തുള്ള ഗ്രാമത്തിൽ നിന്നുള്ള പാമ്പ് വേട്ടക്കാരൻ സുവാൻ രക്ഷിക്കുന്നു. സ്വന്തം ഓർമ്മകൾ നഷ്ടപ്പെട്ടിരിക്കുന്ന അവളുടെ യഥാർത്ഥ വ്യക്തിത്വം അന്വേഷിച്ചുള്ള യാത്രയിൽ അവർ തമ്മിൽ അടുക്കുന്നു. എന്നാൽ അവളുടെ ഭൂതകാലത്തെക്കുറിച്ചും സ്വത്വത്തെക്കുറിച്ചും കൂടുതലറിയുമ്പോൾ ചുരുളഴിക്കാനാകാത്ത പ്രതിസന്ധികളിലേയ്ക്കാണ് അവർ എത്തിച്ചേരുന്നത്.

ചൈനീസ് ചരിത്രത്തിലെ ഏറ്റവും പുരാതനവും നില നിൽക്കുന്നതുമായ നാടോടിക്കഥയായി കണക്കാക്കപ്പെടുന്ന ശ്വേതനാഗം, തന്ത്രജ്ഞരായ പിശാചുക്കൾ, മാരകമായ മാന്ത്രിക മൃഗങ്ങൾ, അധികാരത്തിനായി മത്സരിക്കുന്ന അമാനുഷിക ശക്തികളുടെ മത്സരം, നിത്യസ്നേഹത്തിനായുള്ള വാഗ്ദാനം എന്നിവയുടെ മനോഹരമായ ഒരു കഥ അവതരിപ്പിക്കുന്നു.

## Another Day of Life (2018) - English (1h 26m)



പ്രശസ്ത പോളിഷ് പത്രപ്രവർത്തകനായ റിസ്സാർഡ് കപുസ്കിൻസ്കിയുടെ(1932-2007) ആത്മകഥയെ ആസ്പദമാക്കി, മുൻ പോർച്ചുഗീസ് കോളനിയായിരുന്ന അംഗോളയിലെ ആഭ്യന്തരയുദ്ധകാലത്തെ വേദനിപ്പിക്കുന്ന ചരിത്രമാണ് ഈ സിനിമ.

രാജ്യം സ്വാതന്ത്ര്യപ്രാപ്തിയിൽ എത്തി നിൽക്കുന്ന സമയത്ത്, 1975 ലെ വാർസയിൽ പൊട്ടിപ്പുറപ്പെട്ട രക്തരൂക്ഷിതമായ ആഭ്യന്തര യുദ്ധം റിപ്പോർട്ട് ചെയ്യുവാൻ വേണ്ടി തന്നെ അംഗോളയിലേക്ക് അയയ്ക്കാൻ റിസ്സാർഡ് തന്റെ ബോസിനെ പ്രേരിപ്പിക്കുന്നു. രാജ്യം വജ്രങ്ങളും എണ്ണയും കൊണ്ട് സമ്പന്നമായിരുന്നതിനാൽ, ഈ സംഘർഷം ആഗോളതലത്തിലുള്ള ശീതയുദ്ധരാഷ്ട്രീയത്തിലേക്ക് ആകർഷിക്കപ്പെട്ടു. യുദ്ധം രേഖപ്പെടുത്താൻ അത്യുത്സാഹത്തോടെ എത്തിയ പത്രപ്രവർത്തകൻ പിന്നീട് സാക്ഷ്യം വഹിച്ച കാര്യങ്ങൾ പക്ഷേ എന്നെന്നേക്കുമായി അദ്ദേഹത്തെ മാറ്റുന്നു.

ആശയം കൊണ്ടും ആഖ്യാനരീതി കൊണ്ടും ഏറെ പ്രശംസിക്കപ്പെട്ട ചിത്രത്തിന് താഴെ പറയുന്ന പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായി : ഗോയ അവാർഡ് 2019 (മികച്ച ആനിമേറ്റഡ് ഫിലിം); യൂറോപ്യൻ ഫിലിം അവാർഡ് 2018 (മികച്ച ആനിമേറ്റഡ് ഫീച്ചർ ഫിലിം); സാൻ സെബാസ്റ്റ്യൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ 2018 (പ്രേക്ഷക അവാർഡ്, മികച്ച ബാസ്ക് തിരക്കഥ); വാമ ഫിലിം ഫെസ്റ്റിവൽ 2018 (പ്രേക്ഷക അവാർഡ്); റാനിമാനിയ ഇന്റർ. ആനിമേഷൻ, കോമിക്സ് ആർട്ട്. ഫെസ്റ്റിവൽ 2018 (മികച്ച ഫീച്ചർ ഫിലിം) ഫിലിം ഫെസ്റ്റിവൽ 2018 (പ്രേക്ഷക അവാർഡ്)